# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4691** | **28.06.2013 - ൽ മറുപടിക്ക്**

## പട്ടാമ്പി ഗവേഷണകേന്ദ്രത്തിലെ കാഷ്വൽ തൊഴിലാളികളുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേരള കാർഷിക സർവ്വകലാശാല പട്ടാമ്പി ഗവേഷണ കേന്ദ്രത്തിൽ കാഷ്വൽ തൊഴിലാളികളുടെ നിയമനത്തിനായി തയ്യാറാക്കിയ ലിസ്റ്റ് സംബന്ധിച്ച് സർവ്വകലാശാലയ്ക്ക് പരാതി ലഭിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പരാതികളുടെ സ്വഭാവം വ്യക്തമാക്കാമോ; | ബി) പതിനഞ്ച്. പ്രസ്തുത പരാതികളുടെ പൊതുസ്വഭാവം താഴെ കൊടുക്കുന്നു.<br>1) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ചിലർക്ക് അധിക വിദ്യാഭ്യാസയോഗ്യതയുണ്ട്.<br>2) സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ചിലർ സർവ്വകലാശാല സ്റ്റേഷൻ / കേന്ദ്രത്തിന്റെ 5 കി.മി. ദൂരപരിധിയിലും അപ്പുറത്ത് താമസിക്കുന്നവരാണ്.<br>3) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരേക്കാൾ ജോലി പരിചയം കൂടുതലുണ്ട്.<br>4) തൊഴിലാളികളുടെ സെലക്ഷൻ സംബന്ധിച്ച് നടത്തിയ യോഗ്യതാ നിർണ്ണയ പരീക്ഷകളിൽ മെച്ചപ്പെട്ട പ്രകടനമുണ്ടായിട്ടും ലിസ്റ്റിൽ പേര് ഉൾപ്പെട്ടില്ല. |
| സി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമോ; അന്വേഷണം പൂർത്തിയാവുന്നതുവരെ ഈ ലിസ്റ്റിൽ നിന്നുള്ള നിയമനം നീട്ടിവെക്കുമോ ? | സി) പരാതികളെല്ലാം നിയമനങ്ങൾക്ക് മുൻപായി തന്നെ വിശദമായി പരിശോധിച്ച് ആവശ്യമെങ്കിൽ സർവ്വകലാശാല തലത്തിൽ അന്വേഷണം നടത്തുന്നതാണ്. |

Sreejma.
സെക്ഷൻ ഓഫീസർ